ഗുരുമാർഗം

ജ്ഞാനമുള്ളവർ മാത്രമാണ് യഥാർത്ഥത്തിൽ ജീവിക്കുന്നവർ. 'അത്തുള്ളവനാണ് ജീവി' എന്ന ഒമ്പതക്ഷരമുള്ള ദിവ്യമന്ത്രം പോലെ ഇക്കാര്യം സദാ ഉരുക്കഴിച്ചു കഴിയേണ്ടതാണ്.

www.keralakaumudi.com www.facebook.com/keralakaumudi

ഒരു ജാതി ഒരു മതം ഒരു ദൈവം

ഉത്രട്ടാതി 51- 14
നവമി 60 - 00
1940 മാർഗശീർഷം 25
1439 റബീ ഉൽ ആഖിർ 08
1194 ധനു 01

അച്ഛൻ കാണിക്കുന്ന മാതൃക

മാനവദർശനം

മുനി നാരായണ പ്രസാദ്

രണ്ട് ദമ്പതികൾ കാണാൻ വന്നിരിക്കുന്നു. ഇതുവഴി കടന്നുപോയപ്പോൾ ഒന്നു കാണാമെന്നു കരുതി കയറിയതാണെന്നു മാത്രം. ഭാര്യ 'മാനവദർശനം' വായിക്കാറുണ്ട്. പലതും മനസിലാകുന്നില്ലത്രേ.

ഞാൻ പറഞ്ഞു, ''ഒരു പ്രാവശ്യം വായിച്ചാൽ മനസിലായില്ലെങ്കിൽ ഒന്നുകൂടി വായിച്ചുനോക്കണം. അപ്പോൾ മനസിലാകും.''

ഭാര്യ ഒരു ഇൻഷ്വറൻസ് കമ്പനിയുടെ ഏജന്റാണ്. കമ്പനിക്കാർ പാവപ്പെട്ടയാളുകളെ കബളിപ്പിക്കുന്നതു കണ്ടു മടുത്തു. ''ഭർത്താവിനു കഠിനമായ ജോലിയൊന്നും ചെയ്യാനാകാത്ത രോഗമുണ്ട്. മക്കൾ രണ്ടും പഠിക്കുന്നു. ഇളയ മകൻ പ്ലസ് ടു വിലാണ്. നന്നായി പഠിക്കുമായിരുന്നു. ഇപ്പോൾ അവന്റെ സ്വഭാവം മാറിയിരിക്കുന്നു. പഠനത്തിൽ താത്പര്യമില്ല. മാത്രമല്ല, ക്ലാസിൽ കൂട്ടുകാർ മദ്യം കൊണ്ടുവരും. അവനും അത് വാങ്ങിക്കഴിക്കും.'

ഞാൻ പറഞ്ഞു : ''ഇങ്ങനെയുള്ള പ്രലോഭനങ്ങൾക്കു വശപ്പെട്ടു പോകാതിരിക്കാനുള്ള ഉപദേശവും ധൈര്യവും നിങ്ങളാണ് മകനു നൽകേണ്ടത്. സ്വന്തം തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ മനസുറപ്പുള്ള കുട്ടികൾ ഇമ്മാതിരി കെണിയിൽ പെടില്ല.'

''ഭർത്താവിനു അടുത്ത കാലം വരെ ഒരു ചെറിയ ജോലിയുണ്ടായിരുന്നു, ഒരു ക്രഷറിൽ. ഇപ്പോൾ പാറപ്രശ്നം വന്നിരിക്കുന്നതുകൊണ്ട് ആ ജോലി പോയി. ഭാര്യയുടെയും ഭർത്താവിന്റെയും അച്ഛന്മാർ പട്ടാളക്കാരായിരുന്നു. അവർക്കു നിസാരവിലയ്ക്കു മദ്യം കിട്ടും. അയൽവീട്ടുകാരനും പട്ടാളക്കാരനായിരുന്നു. അയാൾക്കും കിട്ടും ഇതുപോലെ മദ്യം. അവരിൽ നിന്നും ഈ മദ്യം വാങ്ങി സാധാരണ വിലയ്ക്ക് ആളുകൾക്കു കൊടുക്കുന്നത് ഭർത്താവ് ഒരു വരുമാന മാർഗമാക്കിയിരിക്കുന്നു.

ഞാൻ പറഞ്ഞു: ''നിങ്ങൾ വീട്ടിൽ മദ്യം വിറ്റു പണമുണ്ടാക്കുന്നു. നിങ്ങൾ കുടിക്കില്ലായിരിക്കാം. എന്നാലും ഇതു കാണുന്ന മകൻ കുടിക്കുന്ന സ്വഭാവമുള്ളവനാകുന്നതിൽ ഒരു അസ്വാഭാവികതയുമില്ല. കുടിയ്ക്കരുത് എന്നു മകന് ഉപദേശം നല്കാനുള്ള ആത്മധൈര്യം പോലും നിങ്ങൾക്കുണ്ടാവില്ല. വാസ്തവത്തിൽ അച്ഛനമ്മമാരുടെ ഉപദേശങ്ങളനുസരിച്ച് പെരുമാറാനല്ല, അവർ ചെയ്യുന്നതിനെ മാതൃകയാക്കാനാണ് കുട്ടികൾക്കു തോന്നിപ്പോവുക. അല്പം വരുമാനത്തിനുവേണ്ടി നിങ്ങൾ നശിപ്പിക്കുന്നത് നിങ്ങളുടെ മകനെയാണ്. ഓർത്തുകൊള്ളുക, നിങ്ങൾ പറയുന്നത് അനുസരിക്കുന്നതിനെക്കാൾ മക്കൾ ഇഷ്ടപ്പെടുന്നത് നിങ്ങളെ മാതൃകയാക്കി ജീവിക്കാനാണ്. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ മക്കൾക്ക് അനുകരണീയമായ മാതൃകയായിരിക്കണം.

''എന്നും പ്രയാസങ്ങളാണ് സ്വാമി.'

''നിങ്ങൾക്കു സന്തോഷമുണ്ടാകുന്ന അനുഭവങ്ങൾ ഉണ്ടാകാറേയില്ലെന്നാണോ?'

''അല്ല. അങ്ങനെയുള്ള സംഭവങ്ങൾ ധാരാളമുണ്ട്.'

''ആരുണ്ട് ജീവിതത്തിൽ പ്രയാസങ്ങളില്ലാത്തവരായിട്ട്? സുഖവും ദുഃഖവും നിറഞ്ഞതാണ് ജീവിതം. സുഖത്തിന്റെ ഇനിമയെ ആളുകൾ മറക്കും. ദുഃഖത്തിന്റെ കയ്പ് മാത്രം ഓർത്തു ജീവിക്കും. ഇതു ജീവിതത്തെ കൂടുതൽ അസ്വസ്ഥമാക്കും. സുഖത്തിന്റെ ഇനിമയെ ഇനിമയായി അനുഭവിക്കണമെങ്കിൽ ദുഃഖത്തിന്റെ കയ്പും അനുഭവിച്ചിരിക്കണം.

വഴിമുട്ടുന്ന അവയവദാനം

ഒ.സി. മോഹൻരാജ്

അവയവദാന സമ്മതപത്രം നൽകുന്നത് നാട്ടിൻപുറങ്ങളിൽ ആഘോഷകരമായ ചടങ്ങായിരുന്നു മുൻപ്. തനിക്കു ശേഷം തന്റെ അവയവത്തിൽ മറ്റുള്ളവർ ജീവിക്കണമെന്ന ആഗ്രഹമാണ് ഇതിനു പിന്നിലുണ്ടായിരുന്നത്. സംസ്ഥാനത്ത് എട്ട് ലക്ഷത്തോളം പേർ പത്ത് വർഷത്തിനിടെ അവയവദാനത്തിന് സമ്മതപത്രം നൽകി. മരണാനന്തര അവയവദാനം യാഥാർഥ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ തുടങ്ങിയ മൃതസഞ്ജീവനി ആശയറ്റവർക്ക് പ്രതീക്ഷ നൽകുന്ന സംരംഭം കൂടിയാണ്. എന്നാൽ നിയമം കൂടുതൽ കർക്കശമായതോടെ പുനർജനിക്കായി കാത്തിരിക്കുന്നവരുടെ കൃഷ്ണീകരണയാണ്. ഇവർ മുട്ടാത്ത വാതിലുകളില്ല. ഇവരുടെ ജീവിതം ആശങ്ക നിറഞ്ഞ യാത്രയായി മാറുന്നു. 2017ൽ 72 പേർ അവയവദാനം ചെയ്തപ്പോൾ ഈ വർഷം ഒക്ടോബർ വരെ നാല് പേർ മാത്രമാണ് അവയവ ദാനത്തിന് സമ്മതപത്രം നൽകിയത്. ബന്ധുക്കളുടെ എതിർപ്പും സാമൂഹ്യമാദ്ധ്യമങ്ങളുടെ പ്രചരണവുമാണ് ഇതിനു തടസമായി നിൽക്കുന്നത്.

സംസ്ഥാനത്ത് ഒരു വർഷം വാഹനാപകടങ്ങളിൽ ആറായിരത്തോളം പേർ മരിക്കുന്നുണ്ടെന്നാണ് കണക്ക്. എന്നാൽ ഒരു ശതമാനം പേരുടെ പോലും അവയവങ്ങൾ ഉപയോഗിക്കാൻ കഴിയാറില്ല. ബന്ധുക്കളുടെ എതിർപ്പാണ് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. മസ്തിഷ്ക മരണം സംഭവിച്ചാലും രക്ഷപ്പെടാൻ നേരിയ സാദ്ധ്യതയുണ്ടെന്നും മറ്റുമുള്ള പ്രചാരണവും സാമൂഹ്യമാദ്ധ്യമങ്ങളിൽ സജീവമാണ്.

പ്രതിവർഷം ഏഴുപതിലേറെ അവയവദാനങ്ങൾ നടന്നിടത്താണ് നാലും അഞ്ചുമായി ചുരുങ്ങുന്നത്. അവയവദാനം പ്രോത്സാഹിപ്പിക്കാനായി മൃതസഞ്ജീവനി രൂപീകരിച്ച 2012 ൽ നടന്നത് 22 അവയവം മാറ്റിവയ്ക്കലാണ്. 2013ൽ അത് 88 ആയി ഉയർന്നു, 2014ൽ 156ഉം 2015ൽ 218ഉം ആയി വർദ്ധിച്ചു. പക്ഷേ 2016ൽ ഇത് 199 എണ്ണമായി കുറഞ്ഞു. ഈ വർഷങ്ങളിലെല്ലാം കേരളത്തിൽനിന്നുള്ള അവയവദാതാക്കളുടെ എണ്ണത്തിലും ക്രമാനുഗതമായ വർദ്ധനയാണ് ഉണ്ടായത്. 2012ൽ കേരളത്തിൽനിന്ന് ഒൻപതുപേർ മാത്രമാണ് അവയവ ദാതാക്കളായി ഉണ്ടായിരുന്നത്. 2013ൽ 36ഉം 2014ൽ 58ഉം 2015ൽ 76ഉം ആയി ഉയർന്നു. 2017ൽ ഇത് 72 ആയി കുറയുകയും ചെയ്തു. പക്ഷേ ഈ വർഷം ഇതുവരെയുള്ള കണക്കുകൾ കേരളത്തിലെ അവയവദാനത്തിലൂടെ ജീവൻ നിലനിർത്താൻ കാത്തിരിക്കുന്നവരെ നിരാശപ്പെടുത്തുന്നതാണ്. ഈ വർഷം ഇതുവരെ 16 പേർ മാത്രമാണ് കേരളത്തിൽനിന്നുള്ള അവയവദാതാക്കളായി വന്നത്.

മറച്ചുവയ്ക്കപ്പെടുന്ന മസ്തിഷ്ക മരണങ്ങൾ

സംസ്ഥാനത്ത് മുൻ വർഷങ്ങളിൽ ശരാശരി എഴുപതോളം മസ്തിഷ്ക മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നെങ്കിൽ ഈ വർഷം ഇതുവരെ ഇരുപതെണ്ണം മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിൽ ചില ആശുപത്രികൾ തട്ടിപ്പുകാണിക്കുന്നുവെന്ന ആരോപണം അവയവം മാറ്റിവയ്ക്കലിനെ സാരമായി ബാധിച്ചിട്ടുണ്ട്. മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ രോഗിയെ ചികിത്സിക്കുന്ന ഡോക്ടറും പുറത്തുനിന്നുള്ള ഒരു ഡോക്ടറും ഒരു ന്യൂറോസർജനും ഒരു സർക്കാർ ഡോക്ടറും ഉണ്ടായിരിക്കണമെന്നാണ് നിയമം. സർക്കാർ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതോടെ മസ്തിഷ്ക മരണം റിപ്പോർട്ട് ചെയ്യുന്നത് സ്വകാര്യ ആശുപത്രികൾ നിർത്തിയതും നിയമങ്ങളിലെ സങ്കീർണതയും ഡോക്ടർമാരുടെ പരാതികളും ജനങ്ങളുടെ വിമുഖതയുമെല്ലാം അവയവം മാറ്റിവയ്ക്കൽ രംഗത്തിന് തിരിച്ചടിയായി മാറി.

മസ്തിഷ്ക മരണം സംഭവിച്ച രോഗിയെ ആറുമണിക്കൂർ ഇടവിട്ട് മൂന്നുതവണ പരിശോധിക്കണം, ഇതിന്റെ വീഡിയോ ചിത്രീകരിക്കണം, വെന്റിലേറ്റർ നീക്കം ചെയ്യുന്നതിനു മുൻപും പ്രത്യേക നടപടിക്രമങ്ങൾ പാലിക്കണമെന്നും വ്യവസ്ഥയുണ്ട്. നിയമപ്രകാരമുള്ള ഡോക്ടർമാരെ കിട്ടാത്തതും പ്രശ്നമാകുന്നുണ്ട്. വീഡിയോഗ്രാഫി വേണമെന്ന് നിർദേശിക്കുന്നത് തങ്ങളുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യലാണെന്ന് ഡോക്ടർമാർക്ക് അഭിപ്രായമുണ്ട്. അങ്ങനെയെങ്കിൽ തങ്ങൾ ചെയ്യുന്ന ചികിത്സയും ശസ്ത്രക്രിയയും പോസ്റ്റ്മോർട്ടവും ഉൾപ്പെടെ എല്ലാം വീഡിയോയിൽ ചിത്രീകരിക്കണമെന്നും ഡോക്ടർമാർ വിമർശിക്കുന്നു. പക്ഷേ ജീവൻ നിലനിറുത്താനും അവയവം സ്വീകരിച്ച് ജീവിതത്തിലേക്ക് തിരിച്ചുവരാനും ആഗ്രഹിച്ച് മൃതസഞ്ജീവനിയിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്നത് രണ്ടായിരത്തോളം പേരാണ്.

(തുടരും)

അവയവദാനം കഴിഞ്ഞ വർഷം

ഹൃദയം മാറ്റിവച്ചത്- 51 പേർക്ക്
കരൾ മാറ്റിവച്ചത്- 216 പേർക്ക്
വൃക്കമാറ്റിവച്ചത്- 466
ശ്വാസനാളം -- ഒരാൾക്ക്
ശ്വാസകോശം- മൂന്നു പേർക്ക്
പാൻക്രിയാസ്- എട്ട് പേർക്ക്
കൈപ്പത്തിയും കൈയും മറ്റു ഭാഗങ്ങളും- 10 പേർക്ക്

ഇങ്ങനെ ജീവിതത്തിലേക്ക് തിരിച്ചുവന്നത് 758 പേർ. വർഷം അവസാനിക്കാൻ മുൻവർഷത്തിന്റെ പകുതിപോലും അവയവങ്ങൾ ഈ വർഷം മാറ്റിവയ്ക്കാനാകില്ല.

ജീവിതം തുന്നിച്ചേർക്കുന്നവർ 4

അനുഭവവേദ്യമാകണം ഭരണമാറ്റം

നിയമസഭാ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം ഉറപ്പാക്കിയിട്ടും മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ മുഖ്യമന്ത്രിമാരെ കണ്ടെത്താൻ കോൺഗ്രസ് ഹൈക്കമാൻഡിനു ഏറെ ക്ലേശിക്കേണ്ടിവന്നു. പാർട്ടിയെ സംബന്ധിച്ചിടത്തോളം ഇതിൽ പുതുമയൊന്നുമില്ലെന്ന് പറയാമെങ്കിലും പാർട്ടിക്ക് വോട്ടുചെയ്ത സാധാരണക്കാർക്ക് അതു കല്ലുകടി തന്നെയാണ്. മദ്ധ്യപ്രദേശിലും രാജസ്ഥാനിലും യുവനേതൃത്വത്തിനു ലഭിച്ച അംഗീകാരമായിട്ടാണ് തിരഞ്ഞെടുപ്പ് വിജയത്തെ പലരും കാണുന്നത്. ആ നിലയ്ക്ക് സ്വാഭാവികമായും മദ്ധ്യപ്രദേശിൽ ജ്യോതിരാദിത്യസിന്ധ്യയും രാജസ്ഥാനിൽ സച്ചിൻ പൈലറ്റും മുഖ്യമന്ത്രിമാരായി വരുമെന്ന് കരുതിയവർ ഏറെയാണ്. എന്നാൽ, വിട്ടുവീഴ്ചകൾക്ക് പാർട്ടി നേതൃത്വം നിർബന്ധിതമായതോടെ രാജസ്ഥാനിൽ മുൻ മുഖ്യമന്ത്രി അശോക് ഗെലോട്ടിനും മദ്ധ്യപ്രദേശിൽ മുൻ കേന്ദ്രമന്ത്രിയും പി.സി.സി. അദ്ധ്യക്ഷനുമായ കമൽനാഥിനും നറുക്കുവീഴുകയായിരുന്നു. മുഖ്യമന്ത്രിമാർ ആരാകണമെന്നതിനെച്ചൊല്ലി മദ്ധ്യപ്രദേശിലും രാജസ്ഥാനിലും തെരുവുയുദ്ധം വരെ നടന്നു. യുവനേതാക്കളുടെ അനുയായികളെ അനുനയിപ്പിക്കാൻ പാർട്ടി അദ്ധ്യക്ഷൻ രാഹുൽഗാന്ധിക്കും സീനിയർ നേതാക്കൾക്കും പാടുപെടേണ്ടി വന്നുവെന്നാണ് റിപ്പോർട്ടുകൾ. ഏതായാലും നേതൃത്വ പ്രശ്നത്തിൽ തീരുമാനമായതോടെ പൊട്ടലും ചീറ്റലും തത്കാലം അടങ്ങിയതായി കരുതാം. എന്നാൽ, പാർട്ടിയുടെ ജാതകം വച്ചുനോക്കുമ്പോൾ ഏത് സമയത്തും നേതൃത്വത്തിനെതിരെ കലാപസാദ്ധ്യത തള്ളിക്കളയാനാവില്ല. മദ്ധ്യപ്രദേശിൽ കമൽനാഥ് തിങ്കളാഴ്ച മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുകയാണ്. രാജസ്ഥാനിൽ അശോക് ഗെലോട്ട് മുഖ്യമന്ത്രിയാകുമ്പോൾ യുവനേതാവായ സച്ചിൻ പൈലറ്റ് ഉപമുഖ്യമന്ത്രിയായി സ്ഥാനമേൽക്കും. മദ്ധ്യപ്രദേശിൽ അനുനയത്തിന്റെ ഭാഗമായി യുവനേതാവ് ജ്യോതിരാദിത്യസിന്ധ്യയ്ക്കാണ് ഉപമുഖ്യമന്ത്രി പദവി.

ഇരുസംസ്ഥാനങ്ങളിലും പുതിയ കോൺഗ്രസ് മന്ത്രിസഭകൾ അധികാരത്തിൽ വരുന്നതോടെ പാർട്ടിയുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിക്കുകയാണ്. തിരഞ്ഞെടുപ്പു പ്രചാരണവേളയിൽ ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റുക എന്നതാണ് ഇതിൽ മുഖ്യം. കർഷകരുടെ കടങ്ങൾ എഴുതിത്തള്ളൽ ഉൾപ്പെടെ ഖജനാവിന് വലിയ ബാദ്ധ്യതയാകുന്ന പലതും ഇതിൽപ്പെടുന്നു. പ്രകടനത്തിന്റെ അടിസ്ഥാനത്തിലാകും മുഖ്യമന്ത്രിക്കസേരകളുടെ ഉറപ്പെന്ന് പാർട്ടി നേതൃത്വം ഗെലോട്ടിനും കമൽനാഥിനും സന്ദേശം നൽകിയിട്ടുള്ളതിനാൽ ഏറെ കരുതലോടെ വേണം അവർക്ക് മുന്നോട്ട് നീങ്ങാൻ. പൊതു തിരഞ്ഞെടുപ്പ് വളരെ അടുത്തെത്തിയതിനാൽ ഓരോ ചുവടും വയ്ക്കുന്നത് സൂക്ഷിച്ചുവേണം. ലോക്സഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടി ഉണ്ടായാൽ മുഖ്യമന്ത്രി പദവിയിൽ ഉറച്ചിരിക്കാമെന്ന വിചാരം വേണ്ടെന്ന് ഇരു സംസ്ഥാനങ്ങളിലെയും നേതാക്കൾക്ക് പാർട്ടി അദ്ധ്യക്ഷൻ സൂചന നൽകിയിട്ടുണ്ടത്രെ.

മദ്ധ്യപ്രദേശിൽ പതിനഞ്ചു വർഷത്തെ ബി.ജെ.പി ഭരണത്തിനു വിരാമമിട്ടുകൊണ്ടാണ് കമൽനാഥ് സർക്കാർ അധികാരത്തിൽ വരുന്നത്. ഏറെ ജനസമ്മതിയും ക്ലീൻ ഇമേജുള്ള നേതാവായിട്ടും ശിവരാജ് സിംഗ് ചവാന് നാലാമൂഴം നൽകാൻ ജനങ്ങൾ തയ്യാറായില്ല. പി.സി.സി. അദ്ധ്യക്ഷപദം ഏറ്റെടുത്ത് എട്ടുമാസം കൊണ്ട് മദ്ധ്യപ്രദേശിൽ കോൺഗ്രസിന് അധികാരത്തിലെത്തിച്ച കമൽനാഥിന് മുഖ്യമന്ത്രിയെന്ന നിലയിൽ ശോഭിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. ഒൻപതു തവണ ലോക്സഭാംഗമായ പരിചയവും കേന്ദ്രമന്ത്രിയെന്ന നിലയിലുള്ള അനുഭവസമ്പത്തും അദ്ദേഹത്തോടൊപ്പമുണ്ട്. രാജസ്ഥാനിൽ ഗെലോട്ടിനുമുണ്ട് ഏറെ അനുകൂല സാഹചര്യങ്ങൾ. രണ്ടുവട്ടം സംസ്ഥാനം ഭരിച്ചിട്ടുള്ള ആളാണദ്ദേഹം. രാജസ്ഥാൻ ഭരണം വീണ്ടും കോൺഗ്രസിന്റെ കൈപിടിയിലൊതുക്കിയതിൽ ഗെലോട്ടിന്റെ പങ്കും വളരെ വലുതാണ്.

കോൺഗ്രസിനു ഭൂരിപക്ഷം ലഭിച്ച മൂന്ന് സംസ്ഥാനങ്ങളിലും നേതൃ തിരഞ്ഞെടുപ്പ് പ്രക്രിയ നീണ്ടുപോയതും തർക്കങ്ങൾ ഉടലെടുത്തതും വിമർശനത്തിനു കാരണമായിട്ടുണ്ട്. തുടക്കത്തിലേ ഉണ്ടായ കല്ലുകടിയുടെ ക്ഷീണം ഇല്ലാതാക്കേണ്ടത് മികച്ച ഭരണം കാഴ്ചവച്ചുകൊണ്ടാകണം. പൊതുതിരഞ്ഞെടുപ്പിനു മുൻപു തന്നെ അത് തെളിയിക്കുകയും വേണം. തുടക്കത്തിലേ കാര്യങ്ങൾ കൈവിട്ടുപോയാൽ ലോക്സഭാ ഫലത്തിൽ അത് പ്രതിഫലിക്കാതിരിക്കില്ല. തിരഞ്ഞെടുപ്പുകാലത്ത് വാരിക്കോരി വിളമ്പിയ വാഗ്ദാനങ്ങളിൽ പലതും നടപ്പാക്കാൻ വിഷമമായിരിക്കും. ജനങ്ങൾക്കും അറിയാവുന്നതാണത്. നടപ്പാക്കാൻ കഴിയുന്നവ എത്രയും വേഗം നടപ്പാക്കാൻ നടപടി ഉണ്ടാകണം. ഭരണത്തിൽ അഴിമതി ഇല്ലാതായാൽ അതായിരിക്കും ഏറ്റവും വലിയ നേട്ടം. വീണ്ടും അധികാരം ലഭിച്ചതിന്റെ ആക്രാന്തത്തിൽ അവസരം കാത്തുകഴിയുന്നവർ പാർട്ടിയിൽ ഉണ്ടാകും. അത്തരക്കാർക്ക് മന്ത്രിസഭയിൽ സ്ഥാനമുണ്ടാകരുത്. നേതൃതിരഞ്ഞെടുപ്പിനിടെ ഉണ്ടായ കൂട്ടയടി ഇനി മന്ത്രിസഭാ രൂപീകരണവേളയിൽ ആവർത്തിക്കാൻ അനുവദിച്ചാൽ അതിന്റെ ക്ഷീണം കനത്തതായിരിക്കും. തിളക്കമേറിയ ഭരണം കാഴ്ചവയ്ക്കാനായില്ലെങ്കിൽ ഇപ്പോൾ വോട്ട് ചെയ്തവർ തന്നെ സർക്കാരിനെതിരെ തിരിയാൻ അധികനാളുകൾ വേണ്ട.

കോൺഗ്രസിനു ഭൂരിപക്ഷം ലഭിച്ച മൂന്ന് സംസ്ഥാനങ്ങളിലും നേതൃ തിരഞ്ഞെടുപ്പ് പ്രക്രിയ നീണ്ടുപോയതും തർക്കങ്ങൾ ഉടലെടുത്തതും വിമർശനത്തിനു കാരണമായിട്ടുണ്ട്. തുടക്കത്തിലേ ഉണ്ടായ കല്ലുകടിയുടെ ക്ഷീണം ഇല്ലാതാക്കേണ്ടത് മികച്ച ഭരണം കാഴ്ചവച്ചുകൊണ്ടാകണം. പൊതുതിരഞ്ഞെടുപ്പിനു മുൻപുതന്നെ അത് തെളിയിക്കുകയും വേണം. തുടക്കത്തിലേ കാര്യങ്ങൾ കൈവിട്ടുപോയാൽ ലോക്സഭാ ഫലത്തിൽ അത് പ്രതിഫലിക്കാതിരിക്കില്ല

പശു പാൽതരും, പക്ഷേ...

വാരവിശേഷം
ദ്രോണർ

സമ്മതിദാനാവകാശം വിലപ്പെട്ടതാണെന്നും കുഞ്ഞുകുട്ടി പരാധീനതകൾ മാറ്റിവച്ച് നേരത്തേ കാലത്തേ പോളിംഗ് ബൂത്തിലേക്കെത്തിക്കോളണമെന്നും ന.മോ.ജിയും അടുത്തിടെ, പിണറായി സഖാവ് അളന്ന് നോക്കിയ വിശ്വവിഖ്യാത തടിയായ അമിത് ഷാജിയും കല്പിച്ചതായിരുന്നു. പിണറായി സഖാവ് അളന്നപ്പോൾ അല്പം ചില്ലറ ലക്ഷണക്കേട് കണ്ട തടിയായിരുന്നെങ്കിലും ന.മോ.ജിക്ക് ആ തടി നല്ല കാതലുള്ള തേക്ക് തന്നെയാണ്.

വോട്ടർപട്ടിക സസ്സൂക്ഷ്മം വിശകലനം ചെയ്യാം സിസ്ഥിയേത്, നാടനേത്, വെച്ചുരുണ്ടോ എന്നെല്ലാം വേണ്ടുംവണ്ണം ഉറപ്പാക്കിയിട്ടും തന്നെയാണ് രാജസ്ഥാനിലും ഛത്തീസ്ഗഢിലും മദ്ധ്യപ്രദേശത്തും വോട്ടർപട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചത് എന്നായിരുന്നു ന.മോ.ജി- ഷാജി സഖ്യം ധരിച്ച വശായിരുന്നത്. അവിടെ കന്നുകാലികളെ പൂട്ടിയും കണ്ടത്തിൽ മണ്ണ് കിളച്ചും നടക്കുന്ന കള്ളപ്പരിഷകൾ കടന്നുകയറി വോട്ടർപ്പട്ടിക അലങ്കോലമാക്കുമെന്ന ചിന്തയ്ക്ക് ഒട്ടുമേ സ്ഥാനമില്ല. അല്ലെങ്കിലും പിള്ളമനസുകളിൽ കള്ളചിന്തകൾ വിരിയുക പതിവില്ല. സംശയമുള്ളവരുണ്ടെങ്കിൽ ഗോൾഡൻ ഓപ്പർച്യുണിറ്റി ഫെയിം ശ്രീധരൻപിള്ളച്ചേട്ടനെ കണ്ട് പഠിച്ചോളൂ. എന്നിട്ടും ഈ കള്ളവോട്ടർമാർ ഇങ്ങനെ കണ്ണിൽചോരയില്ലാത്ത വണ്ണം പെരുമാറിക്കളയുമെന്ന് സ്വപ്നേപി വിചാരിച്ചില്ല! ഇതിനാണ് കൊടുംചതിയെന്നെല്ലാം പറയുന്നത്.

ബ്ലേ... എന്ന കൂട്ടവിളി ഐശ്വര്യത്തിന്റെ സൈറൺ തന്നെയെന്ന് ന.മോ.ജിക്ക് തോന്നിപ്പോയത് ഷാ ജിയോട് ഇറന്ന് പറയുകയുണ്ടായി. മദ്ധ്യപ്രദേശത്തെ പോളിംഗ്ബൂത്തിലേക്ക് ഈ പരിഷകൾ കടന്ന് ചെല്ലേണ്ടുന്നതിന്റെ തലേന്നായിരുന്നു ആ തുറന്നുപറച്ചിൽ. പശു പാൽ തരും എന്ന് ഒന്നാം ക്ലാസിൽ പഠിച്ച പാഠം മനസിലുരുവിട്ട ഷാജിയാകട്ടെ, ന.മോ.ജിയോട് അത് തലകുലുക്കി സമ്മതിച്ചു. പണ്ട് ഒന്നാം ക്ലാസ്സിൽ പഠിച്ച ആ പാഠം തന്നെയായിത്തന്നു പശു വോട്ട് തരുമെന്ന ഉറച്ച ബോദ്ധ്യത്തിലേക്ക് ഷാജിയെ നയിച്ചത്. ആ പാഠം നന്നായി ഓർമ്മയിലുണ്ടായിരുന്ന ന.മോ.ജിക്ക്, ഷാജി പറയുന്നതിന് മുന്നേ അക്കാര്യം അറിയാമായിരുന്നത് കൊണ്ടാണ് ഐശ്വര്യത്തിന്റെ സൈറൺ വിളി എന്ന ആത്മഗതം ആ മനസിൽ നിന്ന് പുറത്തേക്ക് വന്നത്. ഷാജി മനസിൽ കാണും മുന്നേ ന.മോ.ജി മാനത്ത് കാണുന്നതാണല്ലോ അല്ലെങ്കിലും ശീലം.

ബ്ലേ... എന്ന വിളിയിൽ എത്ര വോട്ടുകളാണ് പതുങ്ങിയിരിപ്പുള്ളത് എന്നോർത്തപ്പോൾ ന.മോ.ജി അവറ്റകൾക്ക് കൊടുക്കുന്ന പിണ്ണാക്കിന്റെ മഹത്വത്തെക്കുറിച്ച് ഷാജിയോട് വാചാലനായിരുന്നു. പിണ്ണാക്ക് വായിലോട്ട് തിരുകിക്കേറ്റിക്കൊടുക്കാനെന്ത് രസമാണ്! പിണ്ണാക്ക് ചവച്ചിറക്കാൻ വിസമ്മതിക്കുന്ന ചിലവകളുണ്ട്. വിദേശത്തെ കള്ളപ്പണമെല്ലാം തിരികെയെത്തിച്ച് നിങ്ങളുടെ അക്കൗണ്ടിലിട്ട് തരാമെന്ന് അവറ്റകളോട് പ്രത്യേക ആംഗ്യഭാഷയിൽ വ്യക്തമാക്കിയാൽ മതി, അവ ചവച്ചിറക്കിരസിച്ചോളും. അല്ലെങ്കിൽ പെട്രോളിന്റെയോ പാചകവാതകത്തിന്റെയോ വില നേർപകുതിയാക്കി കാണിച്ചുതരാമെന്ന് പറഞ്ഞാൽ മതി. പേടിച്ചോളും! അവറ്റകൾക്കെല്ലാം ആധാർ കഴുത്തിൽ തൂക്കിയിട്ട് നടക്കാനുള്ള പ്രത്യേക സൗകര്യവും ന.മോ.ജി മുൻകൈയെടുത്ത് ഒരുക്കിക്കൊടുക്കുകയുണ്ടായി.

ഗോക്കളെ രസിപ്പിക്കാൻ എത്ര കോടി വേണമെങ്കിലും മുടക്കാൻ ന.മോ.ജിക്ക് മടിയില്ലെന്ന് ഷാജിക്കറിയാം. ഗുജറാത്തിൽ മൂവായിരം കോടിയല്ല അയ്യായിരം കോടി മുടക്കിയും വേണ്ടിവന്നാൽ പ്രതിമ പണിയാമെന്ന് ന.മോ.ജി പറഞ്ഞത്, ഗോക്കൾക്ക് അതിന്റെ തണലത്ത് മേഞ്ഞ് നടക്കാമല്ലോ എന്ന് കരുതി മാത്രമായിരുന്നു. മൂവായിരം കോടിയുടെ പ്രതിമ മതിയെന്ന് ന.മോ.ജി ഉറപ്പിച്ചത്, അവറ്റകൾ ബ്ലേ, ബ്ലേ എന്ന് കരഞ്ഞപ്പോഴാണ്. ആ ബ്ലേ ബ്ലേ വിളി അവറ്റകളുടെ സമ്മതപത്രമായിരുന്നു.

എന്നിട്ടും, മറ്റേ കള്ളവോട്ടർമാർ കേറി ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രത്തിന്മേൽ മേഞ്ഞുകളഞ്ഞിരിക്കുന്നു.

57ൽ കരസേനാമേധാവിയായ ജനറൽ തിമ്മപ്പ 48ൽ പാകിസ്ഥാനെ തോല്പിച്ച കഥയും നെഹ്റു ആ ജനറലിനെ അവഹേളിച്ച കഥയുമൊക്കെ ന.മോ.ജി പറഞ്ഞ് കൊടുത്തത് കേട്ടിട്ടാണ് ഉത്സാഹത്തോടെ കർണ്ണാടകത്തിൽ ഈ വോട്ടർമാർ പോളിംഗ്ബൂത്തിൽ പോയത്. അവിടെയും ചില കള്ളപ്പരിഷകൾ കളി പറ്റിച്ചത് കാരണം അവയ്ക്ക് തീറ്റ കൊടുത്ത് പരിപാലിക്കാൻ പറ്റാതെ പോയി. അതിന് ന.മോ.ജി എന്ത് പിഴച്ചു!

ന.മോ.ജി- ഷാജിമാരെ സത്യത്തിലാരും തിരിച്ചറിയാതെ പോവുന്നതാണ്. അങ്ങനെ തിരിച്ചറിയാതെ പോവുന്നവർ നാളെ അനുഭവിക്കുക, അത്രതന്നെ!

■

ന.മോ.ജി-ഷാജിമാർ കാണാത്ത കള്ളപ്പരിഷകളെ രാഹുൽമോന് ചെറിയ പേടിയുണ്ടായിരുന്നെങ്കിലും ന.മോ.ജിയുടെ വോട്ടർമാർക്ക് രാഹുൽമോനും വേണ്ടുവോളം പിണ്ണാക്ക് കരുതി വച്ചുവെന്നാണ